(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരായ ബസ് കണ്ടക്ടർമാർ ഉണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ യൂണിറ്റുകളിലായി ഇപ്രകാരം എത്ര പേർ ജോലി നോക്കുന്നുണ്ട് ;

(ഇ) ഈ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പകരം ഇപ്പോൾ നിലവിലുള്ള റിസർവ്വ് കണ്ടക്ടേഴ്സിന്റെ കെ.പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ ;

(എഫ്) ഇതിന് എന്തെങ്കിലും പ്രായോഗിക തടസ്സമുണ്ടോ ;

(ജി) 1982 മേയ് മാസത്തിൽ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു ;

(എച്ച്) ഇവരിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർ എത്ര ; സ്ഥിരം തൊഴിലാളികൾ എത്ര ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) 1225.

(സി) ഉണ്ട്.

(ഡി) 754 കണ്ടക്ടർമാർ.

(ഇ & എഫ്) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ കോർപ്പറേഷനിൽ പുതിയ നിയമനങ്ങൾ വേണ്ട എന്നു നിശ്ചയിച്ചിരിക്കുകയാണ്. മറ്റു കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

(ജി) 28100.

(എച്ച്) താൽക്കാലികം—899, സ്ഥിരം—27201.

സ്വകാര്യ ചെറുകിട കയർ ഉൽപ്പാദന മേഖല

*328 [387] ശ്രീ. ടി. വി. വിജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ചെറുകിട കയർ ഉൽപ്പാദനമേഖലയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് ;

(ബി) ഇവർക്ക് ആവശ്യമായ പച്ചത്തൊണ്ട് ലഭ്യമാക്കുന്നതിന് ഗവൺമെന്റ്, എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആവർക്കുകൂടി പച്ചത്തൊണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം പുതുതായി കയർ സൊസൈറ്റികൾ അനുവദിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കയർത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ ആവശ്യമായ കയർ സൊസൈറ്റികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏകദേശ കണക്കനുസരിച്ച് 2.02 ലക്ഷം തൊഴിലാളികൾ കയർ വ്യവസായത്തിലെ സഹകരണ മേഖല ഒഴിച്ചുള്ള മറ്റ് എല്ലാ മേഖലയിലുംകൂടി പണിയെടുക്കുന്നു.

(ബി) ഗവൺമെൻറ് തൊണ്ട് ശേഖരിച്ച് ആർക്കും കൊടുക്കുന്നില്ല. തൊണ്ട് നിയന്ത്രണ ഉത്തരവിൻപ്രകാരം പെർമിറ്റ് നൽകുകയാണ് ചെയ്യുന്നത്.

(സി) 'ബി' യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

ഗവൺമെൻറു വക വനേതരഭൂമി

* 329. [388] ശ്രീ. കെ.ടി. കണാരൻ :

,, വി.കെ. രാജൻ :

,, കെ.വി. സുരേന്ദ്രനാഥ്

,, കെ.ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൃഷിക്കും ആംപാർപ്പിനും പറ്റുന്ന തരത്തിൽ വീണ്ടെടുത്തു നന്നാക്കാവുന്ന ഗവൺമെൻറു വക വനേതര ഭൂമി എത്ര ഹെക്ടർ ഉണ്ടെന്നു പ്രസ്താവിക്കുമോ ;

(ബി) വനഭൂമിയിലും പുറമ്പോക്കുകളിലും ഉള്ള സമ്മർദ്ദം ലഘൂകരിക്കാൻ ഇത്തരം ഭൂമി വീണ്ടെടുത്ത് വിതരണം ചെയ്യാൻ ഒരു സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേരളാ ഭൂമി പതിവു നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ വക പുറമ്പോക്കു ഭൂമി ഉചിതമായ രീതിയിൽ പതിച്ചുകൊടുക്കാൻ സമഗ്രമായ വ്യവസ്ഥയുണ്ട്.

മെഴുകുതിരി വ്യവസായത്തിലെ പ്രതിസന്ധി

* 330. [389] ശ്രീമതി കെ.ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാരഫിൻ വാക്സിനു വില വർദ്ധിച്ചതുകാരണം സംസ്ഥാനത്തെ മെഴുകുതിരി വ്യവസായം പ്രതിസന്ധിയിലാണെന്ന വിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly